LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മത്സ്യഫെഡിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. 24 ഉദ്യോഗാർത്ഥികൾക്ക് 16-9-2014-ൽ അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്.

(ബി) ടി ലിസ്റ്റിൽ രണ്ട് പട്ടികജാതി ഉദ്യോഗാർത്ഥികളുണ്ട്. പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ ആരും തന്നെയില്ല.

(സി&ഡി) അഡ്വൈസ് മെമ്മോ പ്രകാരം നിയമന ഉത്തരവ് നൽകുന്നതിന് 3 മാസക്കാലം സമയമനുവദിച്ചിട്ടുണ്ട്. ആയതിനാൽ കാലതാമസം നേരിട്ടതായി കാണുന്നില്ല.

ജീവനക്കാരുടെ കാര്യക്ഷമത മനസ്സിലാക്കുന്നതിന് മിന്നൽ പരിശോധന

90 (1956) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജീവനക്കാരുടെ കാര്യക്ഷമതയും, ഓഫീസുകളിലെ ഹാജർ നിലയും നേരിട്ട മനസ്സിലാക്കുന്നതിലേക്കായി മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ എത്ര പ്രാവശ്യം ഏതെല്ലാം ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി ;

(ബി) എന്നാണ് നടത്തിയത് ; തീയതിയും, ഓഫീസുകളും, സമയവും, ഇൻസ്പെക്ഷൻ നടത്തിയ മന്ത്രിയെയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ഇൻസ്പെക്ഷൻ വഴി എന്തെല്ലാം ന്യൂനതകൾ കണ്ടെത്തി ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജീവനക്കാരുടെ കാര്യക്ഷമതയും, ഓഫീസുകളിലെ ഹാജർ നിലയും നേരിട്ട മനസ്സിലാക്കുന്നതിനായി മുഖ്യമന്ത്രി മിന്നൽ പരിശോധനകളൊന്നും നടത്തിയിട്ടില്ല. മന്ത്രിമാരിൽ പട്ടികവർഗ്ഗക്ഷേമ, യുവജനകാര്യ, മ്യൂസിയം മൃഗശാലാ വകുപ്പുമന്ത്രിയും ആരോഗ്യവകുപ്പുമന്ത്രിയും നഗരകാര്യ ന്യൂനപക്ഷക്ഷേമവകുപ്പുമന്ത്രിയും നടത്തിയ മിന്നൽ പരിശോധനയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പട്ടികവർഗ്ഗക്ഷേമ, യുവജനകാര്യ, മ്യൂസിയം-മൃഗശാല വകുപ്പുമന്ത്രി :

ഈ മന്ത്രിസഭ അധികാരത്തിൽ വന്ന ശേഷം ജീവനക്കാരുടെ കാര്യക്ഷമതയും ഓഫീസുകളിലെ ഹാജർ നിലയും നേരിട്ട് മനസ്സിലാക്കുന്നതിലേക്കായി ബഹു. പട്ടികവർഗ്ഗക്ഷേമ, യുവജനകാര്യ, മ്യൂസിയം-മൃഗശാലാ വകുപ്പുമന്ത്രി പട്ടികവർഗ്ഗ വികസന

വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളായ അട്ടപ്പാടി, പി.എം.എച്ച്. (ഗേൾസ്-1), പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റ്, കൽപറ്റ ഐ.ടി.ഡി.പി. ഓഫീസ്, തൃശ്ശിലേരി പ്രീ-മെട്രിക് ഹോസ്റ്റൽ, പനമരം പ്രീ-മെട്രിക് ഹോസ്റ്റൽ (പെൺകുട്ടികൾ), പി.എം.എച്ച്. മണിമൂളി എന്നിവിടങ്ങളിലും മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ഓഫീസുകളിൽ 13 തവണയും സന്ദർശിച്ച് പരിശോധന നടത്തിയിട്ടുണ്ട്. സന്ദർശനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ഓഫീസ്	പരിശോധന നടത്തിയ തീയതി
1.	പ്രീ-മെട്രിക് ഹോസ്റ്റൽ, അഗളി (പെൺകുട്ടികൾ)	4-8-2011
2.	ഐ.ടി.ഡി.പി, കൽപറ്റ	24-12-2011
3.	പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റ്	27-7-2012
4.	പ്രീ-മെട്രിക് ഹോസ്റ്റൽ, പനമരം (പെൺകുട്ടികൾ)	12-6-2011
5.	പ്രീ-മെട്രിക് ഹോസ്റ്റൽ, പനമരം (ആൺകുട്ടികൾ)	12-6-2011
6.	പ്രീ-മെട്രിക് ഹോസ്റ്റൽ, മണിമൂളി (പെൺകുട്ടികൾ)	26-2-2013
7.	പ്രീ-മെട്രിക് ഹോസ്റ്റൽ, തൃശ്ശിലേരി (പെൺകുട്ടികൾ)	8-10-2011

തിരുവനന്തപുരം മ്യൂസിയം മൃഗശാലാ വകുപ്പിൽ 31-8.2011, 26-7-2011, 17-12-2012, 21-12-2012, 12-3-2013, 23-5-2013, 10-9-2013, 20-11-2013, 28-5-2014 എന്നീ തീയതികളിലും തൃശ്ശൂർ മൃഗശാലാ മ്യൂസിയത്തിൽ 28-12-2012-ാം തീയതി 11.30 am-നും 7-10-2013-ാം തീയതി 2.45 pm-നും 11-7-2014-ാം തീയതി 6.00 pm-നും കോഴിക്കോട് മ്യൂസിയം മൃഗശാലാ വകുപ്പിൽ 10-2-2014-നും വകുപ്പുമന്ത്രി സന്ദർശനം നടത്തിയിട്ടുണ്ട്.

ആരോഗ്യവകുപ്പുമന്ത്രി :

ആരോഗ്യവകുപ്പുമന്ത്രി 22-4-2013 രാവിലെ 11.00 മണിക്ക് തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിൽ പരിശോധന നടത്തുകയുണ്ടായി.

നഗരകാര്യ-ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രി :

നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി നഗരകാര്യ ഡയറക്ടറേറ്റ്, ചീഫ് ടൗൺ പ്ലാനറുടെ ഓഫീസ്, കെ.എസ്.യു.ഡി.പി.-യുടെ തിരുവനന്തപുരം ട്രാൻസ് ടവേഴ്സിലുള്ള ഓഫീസ് എന്നിവിടങ്ങളിൽ ഓരോ പ്രാവശ്യം മിന്നൽ പരിശോധന നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

14-10-2014-ൽ തിരുവനന്തപുരം നന്ദൻകോട് സ്വരാജ് ഭവനിലെ നഗരകാര്യ ഡയറക്ടറേറ്റിലും ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിലും 28-10-2014-ാം തീയതി കെ.എസ്.യു.ഡി.പി.-യുടെ ഓഫീസിലും മിന്നൽ പരിശോധന നടത്തുകയുണ്ടായി. കൂടാതെ സംസ്ഥാനത്തെ വിവിധ നഗരസഭകളിലും ജില്ലാ ഓഫീസുകളിലും പരിശോധന നടത്തിയിട്ടുണ്ട്.

(സി) പട്ടികവർഗ്ഗക്ഷേമ, യുവജനകാര്യ, മ്യൂസിയം-മൃഗശാലാ വകുപ്പിനെ സംബന്ധിച്ച് അട്ടപ്പാടി ഐ.ടി.ഡി.പി. ഓഫീസിന് കീഴിലുള്ള അഗളി പ്രീ-മെട്രിക് ഹോസ്റ്റലിൽ ഹാജർ പുസ്തകത്തിലെ കൃത്രിമത്വം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി സ്ഥാപനത്തിലെ ഒരു കുക്കിനേയും ഒരു പി.റ്റി.എസ്.-നേയും സസ്പെന്റ് ചെയ്തു. കൂടാതെ ടി സ്ഥാപനത്തിലെ ഒരു കുക്കിനെ അന്തേവാസികളോടുള്ള പരുഷമായ പെരുമാറ്റം കാരണം സ്ഥലം മാറ്റിയിട്ടുണ്ട്. മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തൃശ്ശൂർ ഓഫീസിൽ മിന്നൽ പരിശോധന നടത്തിയപ്പോൾ ഹാജർ നില പരിശോധിക്കുകയും, അവധി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താത്ത ജീവനക്കാരോട് വിശദീകരണം നൽകാൻ ആവശ്യപ്പെടുകയും ചെയ്തു. ആരോഗ്യവകുപ്പുമന്ത്രി 22-4-2013-ന് തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിൽ പരിശോധന നടത്തിയപ്പോൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതായി കണ്ടെത്തിയ ജീവനക്കാരന്റെ പേരിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി നടത്തിയ പരിശോധനയിൽ ഹാജർ നിലയിൽ കുറവ് കണ്ടെത്തി. മേലിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സർവ്വീസിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാർ

91 (1958) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ മേഖലയിൽ എത്ര താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും, ഇവരിൽ എത്ര പേരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുഭരണ വകുപ്പിൽ 113 താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇവരിൽ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. എന്നാൽ പത്തു വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തുവന്ന ഒരാളെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly